**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

# 02 DECEMBER 2005

ജമാഅത്ത് അംഗങ്ങൾക്ക് സലാം കൊണ്ട് അഭിവാദനങ്ങൾ അർപ്പിച്ച ഹസ്രത്ത് അമീറുൻ മുഅ്മിനീൻ മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) തശ്ശഹ്ഹുദും സൂറ അൽഫാത്തിഹയും ഓതിയ ശേഷം വിശുദ്ധഖുർആനിലെ 100-ാം അധ്യായമായ അൽ ആദിയാത്ത് ഓതി അതിന്റെ വിശദീകരണവും നല്കുകയുണ്ടായി.

**പരമകാരുണികനും, കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ**

കിതച്ചുകൊണ്ട് അതിവേഗത്തിലോടുന്ന കുതിരകളെക്കൊണ്ട് സത്യം.

എന്നിട്ട് (കുളമ്പടികളിൽ നിന്ന്) തീപ്പൊരി പറത്തുകയും, അങ്ങനെ, പ്രഭാതവേളയിൽ കടന്നാക്രമിക്കുകയും, അപ്പോൾ, അവിടെ പൊടിപടലങ്ങൾ ഇളക്കിവിടുകയും, അങ്ങനെ ജനക്കൂട്ടത്തിന്റെ മധ്യത്തിൽ തള്ളിക്കയറുകയും ചെയ്യുന്നവയെക്കൊണ്ടു സത്യം.

തീർച്ചയായും മനുഷ്യൻ തന്റെ നാഥനോട് വളരെ നന്ദികെട്ടവനാണ്.

നിശ്ചയം, അവൻ തന്നെയാണിതിന് സാക്ഷ്യം. ധനത്തോടുള്ള സ്നേഹത്തിൽ വളരെ തീവ്രതയുള്ളവനാണവൻ.

ശവക്കുഴികളിലുള്ളത് പുറത്തേക്ക് തള്ളപ്പെടുകയും, ഹൃദയങ്ങളിലുള്ളത് വെളിയിൽ കൊണ്ടുവരപ്പെടുകയും ചെയ്യുമ്പോൾ (എന്തായിരിക്കും സ്ഥിതിയെന്ന് അവനറിയുന്നില്ലേ?

തീർച്ചയായും അവരുടെ നാഥൻ അവരെക്കുറിച്ച് അന്ന് മേൽനോട്ടം വഹിക്കുന്നവനാകുന്നു. ശേഷം അദ്ദേഹം തുടർന്നു

വളരെ ആഴമേറിയ അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന അധ്യായമാണ് ഈ ഓതിയത്. ഇത് ശരിക്കും മനസ്സിലാക്കണമെങ്കിൽ ഇസ്ലാമിന്റെ പ്രാരംഭദശയിലെ ചരിത്രം മനസ്സിലാക്കിയേ തീരൂ. ഈ

സൂക്തങ്ങൾ അവതരിയ്ക്ക്പെട്ടപ്പോൾ തന്നെ, ചരിത്രവിജയ പ്രാപ്തിയുടെ പ്രൗഢിയും ഉൾക്കൊണ്ടിരുന്നു. ഒരർത്ഥത്തിൽ നോക്കിയാൽ ഈ കാലഘട്ടത്തിൽ, അല്ലാഹു തന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനിലൂടെ വിശുദ്ധഖുർആനിലെ സൂക്തങ്ങളിൽ അടങ്ങിയിരിക്കുന്ന ദീപ്തമായ അർത്ഥതലങ്ങൾക്ക് ആഴമേറിയ വിശദീകരണങ്ങൾ നല്കിക്കൊണ്ടിരിക്കുകയാണ്, ഇത് ഈ കാലഘട്ടത്തിലെ മാത്രമല്ല, ഏതൊരു തെരെഞ്ഞെടുക്കപ്പെട്ട ദാസൻ അയയ്ക്കപ്പെടുന്ന കാലഘട്ടത്തിലും, അല്ലാഹു തന്റെ കണ്ണുകളിലൂടെ വിശുദ്ധഖുർആനിലെ സൂക്തങ്ങൾക്ക് വിശദീകരണം നല്കാറുണ്ട്.

അല്ലാഹുവിന്റെ കരുണയുടെ ആഴവും പരപ്പും ഈ സൂക്തങ്ങളിലൂടെ തെളിഞ്ഞുകാണാം. പക്ഷേ, അത് തിരിച്ചറിയുവാൻ സാധിക്കുന്ന ഒരേയൊരു കൂട്ടർ അവനിൽ ദൃഢമായി വിശ്വസിക്കുകയും വിശുദ്ധഖുർആനിലെ സൂക്തങ്ങളുടെ അർത്ഥതലങ്ങൾ സൂക്ഷ്മമായി പഠിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരുമായ സത്യവിശ്വാസികൾ മാത്രമാണ്. അല്ലാഹുവിന്റെ ഈ വചനങ്ങളുടെ അർത്ഥവ്യപ്തി മനസ്സിലാക്കാനിടയാകുന്ന ഏതൊരാളും അല്ലാഹുവിന്റെ പ്രീതി നേടുവാൻ സശ്രദ്ധം പരിശ്രമിക്കുകയും, അതിനു തനിക്കു ലഭ്യമാകുന്ന ഏതവസരവും ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യും. പ്രത്യേകിച്ച്, അല്ലാഹു തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദാസനെ നിയോഗിക്കുന്ന വേളയിൽ, അല്ലാഹുവിനെ ഭയക്കുകയും അവനിലും, അവന്റെ ദൂതന്മാരിലും അടിയുറച്ച് ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്യുന്നവർക്കു അല്ലാഹു വാഗ്ദാനം ചെയ്യുന്ന ഗാരന്റിയാണ് അവന്റെ അപാരമായ കരുണ. ഞാൻ തുടക്കത്തിൽ ഓതിയ അൽ ആദിയാത്ത് സൂറത്തിന്റെ വ്യാഖ്യാനത്തിലേക്ക് കടക്കുകയാണ്.

കിതച്ചുകൊണ്ട് അതിവേഗത്തിലോടുന്ന കുതിരകളെക്കൊണ്ട് സത്യം

## ഈ അധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഉപമകൾക്ക് ആഴത്തിലുള്ള മൂന്ന് അർത്ഥതലങ്ങളുണ്ട്

1. യജമാനന്മാർക്ക് യുദ്ധക്കളത്തിൽ വിജയം സമ്മാനിക്കുവാനായി കിതച്ചുകൊണ്ട് ഓടുന്ന ഒട്ടകങ്ങളും പെൺകുതിരകളും ഉൾക്കൊള്ളുന്ന കുതിരപ്പടയെ നോക്കുക. അവർ ഓടുമ്പോൾ തങ്ങളുടെ കുളമ്പുകൾ മണ്ണിൽ ശക്തിയായി അടിയ്ക്കുന്നു. ഇത് തീപ്പൊരി പാറുന്നതിന് കാരണമാകുന്നു. അത്രത്തോളം ശക്തിയിലും വേഗ

തയിലുമാണവർ വിജയം നേടുവാനായി കളത്തിലോടുന്നത്. പ്രഭാതവേളയിൽ അവർ കൂടുതൽ ശക്തമായി തങ്ങളുടെ എതിരാളികളെ നേരിടുന്നു. അവർക്കൊരു തരിമ്പും, തിരിച്ച് ആക്രമിക്കാനിടനല്കാതെ, അവ തങ്ങളുടെ യജമാനന്മാരെ വിജയത്തിലെത്തിക്കുവാനായി തങ്ങളുടെ നേരെ വരുന്ന ആയുധങ്ങളെ ലേശവും ഭയപ്പെടാതെ, തങ്ങളുടെ ജീവൻ തന്നെ പണയം വെച്ചുകൊണ്ട് പോരാടുന്നു. നേരെമറിച്ച്, സാമാന്യ ബുദ്ധിയും, ബോധവും, ധാർമ്മികനിലവാരവും ഒക്കെ യഥേഷ്ടമുള്ള മനുഷ്യൻ, തന്റെ സ്രഷ്ടാവും, നാഥനുമായ അല്ലാഹുവിനോട് ഇതിന്റെ നേരിയ അംശമെങ്കിലും ആത്മാർത്ഥതയും, വിധേയത്വവും കാട്ടാൻ തയ്യാറാകുമോ? മനുഷ്യനെ അവന്റെ അഹംഭാവം അല്ലാഹുവിനോട് നന്ദികേട് കാണിക്കുന്നവനാക്കി മാറ്റുന്നു. അവൻ ആ ഭൗതീക ലോകത്തെ സമ്പത്തും പ്രൗഢിയും നേടുന്നതിന് പ്രാധാന്യം നല്കുന്നതിലൂടെയാണ്. ഇങ്ങനെയുള്ള ഈ മനുഷ്യനെ തിരികെ നേർമാർഗ്ഗത്തിൽ വഴി നടത്തുവാനായി അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങളും, അടയാളങ്ങളുമിറക്കുമ്പോൾ, അവനതിന് തുലോം പരിഗണന നല്കാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ പഴിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് തുടർന്നുകൊണ്ടിരിക്കുന്നു. മനുഷ്യന് നേർമാർഗ്ഗത്തിൽ ചരിക്കുന്നതിന് വേണ്ടത്ര സമയം അല്ലാഹു നല്കുന്നുണ്ടെന്നും, അന്ത്യനാളിലെ ഭയാനകമായ ശിക്ഷയിൽ നിന്നും, അതിന്റെ കെടുതികളിൽ നിന്നും രക്ഷനേടുന്നതിനായി തന്റെ അധാർമ്മിക പ്രവൃത്തികളിൽ പശ്ചാത്തപിച്ച് പാപപ്പൊറുതി നേടുന്നതിനുമുള്ള അവസരങ്ങൾ ധാരാളം അല്ലാഹു മനുഷ്യന് നല്കുന്നുണ്ട് എന്നും, മനുഷ്യനെയും ബോധ്യപ്പെടുത്തുന്നതിനുള്ള തെളിവുകളുമായിട്ടാണ് അല്ലാഹുവിന്റെ തെരെഞ്ഞെടുത്ത ദൂതന്മാരെ അവൻ അയച്ചിരിക്കുന്നത്. അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയും, ദൂതനെ പരിഹസിക്കുകയും ചെയ്യുന്നവർക്ക് അതികഠിനമായ ശിക്ഷയുണ്ട് എന്ന് മനുഷ്യരെ ഓർമ്മിപ്പിക്കുന്നു.

2. മറ്റൊരു തലത്തിൽ നോക്കുമ്പോൾ, കുതിച്ചോടുന്ന ധീരരായ ഈ കുതിരകൾ, നമ്മെ നമ്മുടെയിടയിലുള്ള ഒരു വിഭാഗം മനുഷ്യരെ അനസ്മരിപ്പിക്കുന്നു. അവർ എന്തുതന്നെ വന്നാലും അല്ലാഹുവിനോട് ആത്മാർത്ഥതയും വിധേയത്വവും പുലർത്തുന്ന ഭക്ത

ദാസരാണ്. അല്ലാഹു തന്റെ തെരെഞ്ഞെടുത്ത ദൂതനെ, അവരിലേക്ക് നിയോഗിക്കുമ്പോൾ, (അവർക്ക് മാർഗ്ഗദർശനം നല്കുന്നതിനു വേണ്ടി) ഈ പറഞ്ഞ ഭക്തദാസർ, അല്ലാഹുവിന്റെ ഏകത്വത്തി ലേക്കുള്ള വിളിക്കുത്തരം നല്കി, തങ്ങളുടെ ജീവനും, സ്വത്തും, കുടുംബവും അന്തസ്സും, പദവിയും ഭൗതികമായ മറ്റെല്ലാ നേട്ടങ്ങളും മറന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടാനിറങ്ങുന്നവരത്രേ. വേണ്ടി വന്നാൽ അവിശ്വാസികളെയും, കപടവിശ്വാസികളെയും നേരിടാനും അവർ തയ്യാറാകും. അങ്ങനെ ഓരോ മനുഷ്യന്റെയും ഹൃദയത്തിൽ അല്ലാഹുവിന്റെ ഏകത്വത്തെ പുനഃസ്ഥാപിക്കുവാനുള്ള പരിശ്രമത്തിൽ അവർ സ്വമനസ്സാലെ പങ്കാളികളാകും. ഇത്തരം ആൾക്കാരാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്തസാക്ഷികളായി മാറുന്നത്. അവർ അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുന്നതിലും, ഇസ്ലാമിന്റെയും പ്രവാചകന്റെയും (സ) തെരെഞ്ഞെടുക്കപ്പെട്ട ദൂതന്റെയും അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിലും ബദ്ധശ്രദ്ധാലുക്കളായിരിക്കും. ഒരിയ്ക്കലും അവർ പിശാചിന്റെയോ, കുതന്ത്രങ്ങൾ മെനയുന്നവരുടേയോ പിടിയിൽ അകപ്പെടുകയുമില്ല. വിജയത്തിലേക്ക് കുതിച്ചോടുന്ന കുതിരകളെ പോലെ അവർ അല്ലാഹുവിന്റെ ഏകത്വത്തിന്റെ പതാക വാനിൽ ഉയരെപ്പറക്കും വിധം പാറിച്ച് വിജയത്തിലേക്ക് കുതിച്ചു പായും. ഇത്തരക്കാർ, അല്ലാഹുവിനേക്കാൾ അവന്റെ സൃഷ്ടികളെ ഭയപ്പെടുന്നവരിൽ നിന്നും തീർത്തും വ്യത്യസ്തരാണ്. നമ്മുടെ സമൂഹത്തിൽ വിശ്വാസികളെന്ന് നടിക്കുകയും അതേസമയം അല്ലാഹുവിന്റേയും അവന്റെ ദൂതന്റെയും വാക്കുകളെ സംശയിക്കുകയും ചെയ്യുന്ന ഒരു കൂട്ടരുമുണ്ട്. അത്തരം ആൾക്കാരിൽപ്പെട്ടവരായിരിക്കില്ല ഒരിയ്ക്കലും ഈ ഭക്തദാസർ.

3. ഈ പോരാട്ടം, കുതിച്ചോടുന്ന കുതിരകളുടെ യുദ്ധവീര്യവും, അവയുടെ വിജയവും ഒരർത്ഥത്തിൽ മൃഗീയ ചോദനയിൽ നിന്നുമകന്ന്, പൈശാചിക ഭാവങ്ങൾ വെടിഞ്ഞ് ആത്മീയ ഔന്നത്യത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ഭക്തദാസന്റെ ആത്മാവിന്റെ വിവിധ ഘട്ടങ്ങളെ സൂചിപ്പിക്കുന്നു. തന്റെ ഉള്ളിൽ അലിഞ്ഞു ചേർന്നിരിക്കുന്ന പൈശാചിക പ്രവണതകൾ അവനെ നേർമാർഗ്ഗത്തിൽ നിന്നും അകറ്റിനിർത്തുന്നു. ആയതിനാൽ അവൻ തന്റെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയഭക്തി നിറക്കുന്നതിന് ആത്മാർത്ഥമായി തന്നോടുതന്നെ പടവെട്ടി മുന്നേറുന്നു. അതുവഴി അല്ലാഹു അവ

നിൽ സംപ്രീതനാകുന്നതിനു വേണ്ടി അവന് അല്ലാഹുവിൽ തൃപ്തി തോന്നുന്നതിനും, അല്ലാഹു തെരെഞ്ഞെടുത്ത ദൂതന്മാരെ നിയോഗിക്കുന്ന അവസരങ്ങളിലെല്ലാം തന്നെ മനുഷ്യനും അവന്റെ ആത്മാവും തമ്മിൽ ഇത്തരം പോരാട്ടങ്ങൾ ഉണ്ടാകാറുണ്ട്. ആ ഘട്ടത്തിൽ ആ ഭക്തദാസർ സ്വയം ശുദ്ധീകരിക്കേണ്ട സ്ഥിതിയിൽ എത്തിച്ചേരും. അങ്ങനെ സ്വയം ശുദ്ധീകരണത്തിനു വിധേയരായി പരിശുദ്ധരായി മാറാത്ത ആർക്കും തന്നെ, തന്റെ ദൂതനിലൂടെ അല്ലാഹു അവർക്കായി അയച്ചുകൊടുത്ത മധുരഫലങ്ങളുടെ മാധുര്യമാസ്വദിയ്ക്കാൻ ഒരിയ്ക്കലും സാധ്യമാവില്ല. മനുഷ്യന് അല്ലാഹുവിലേക്കുള്ള വഴികാണിക്കുവാനായി അല്ലാഹു തന്റെ തെരെഞ്ഞെടുത്ത ദൂതനെ നിയോഗിക്കുന്നവേളയിൽ ഓരോ മനുഷ്യനും തന്റെ ആത്മാർത്ഥതയും, വിധേയത്വവും സദാ അല്ലാഹുവിനോടും അവന്റെ ദൂതനോടും പുലർത്തേണ്ടതാണ് എന്നു തിരിച്ചറിയുന്നതിനും, ഈ വസ്തുതയെപ്പറ്റി ചിന്തിപ്പിക്കുന്നതിനും വേണ്ടിയാണ് അല്ലാഹു ഈ ഉപമ നല്കിയിരിക്കുന്നത്.

**എന്നിട്ട് കുളമ്പടികളിൽ നിന്ന് തീപ്പൊരി പറത്തുകയും.**

ഇത് അർത്ഥമാക്കുന്നത് കുതിച്ചോടുമ്പോൾ കുതിരകൾ മണ്ണിൽ തീപ്പൊരി പാറിക്കുന്നു എന്നാണ്. ഈ കുതിരകൾ രാത്രികാലങ്ങളിലാണ് കുതിച്ചോടിയതെങ്കിൽ, പകലിൽ കാണുന്നതിനേക്കാൾ കൂടുതൽ പ്രകാശം തീപ്പൊരികൾക്ക് ഉണ്ടാവുമായിരുന്നു എന്നു നമുക്ക് മനസ്സിലാക്കാം. ഇതുപോലെ ലോകം അജ്ഞതയാകുന്ന അന്ധകാരത്തിലാണ്ടു പോകുമ്പോൾ, അല്ലാഹു തന്റെ പ്രകാശത്തെ മനുഷ്യന് മാർഗ്ഗദർശനം നല്കുന്നതിനായി അയയ്ക്കുന്നു. ഇത്തരം അജ്ഞതയാകുമന്ധകാരത്തിലേക്ക് തീപ്പൊരികളെപ്പോലെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും, വെളിപാടുകളും ഒക്കെ ഇറങ്ങുന്നു. അങ്ങനെ ലോകമെമ്പാടും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ പ്രഘോഷിക്കുവാനായി!

**അങ്ങനെ പ്രഭാതവേളയിൽ കടന്നാക്രമിക്കുകയും**

ഈ ശൈലിയിലൂടെ നാം മനസ്സിലാക്കേണ്ടത് ആക്രമണമുണ്ടാകുന്നത് പെട്ടെന്നും, അപ്രതീക്ഷിതമായും ആയിട്ടായിരിക്കും എന്നാണ്. അത് എതിരാളിയെ, ഈ പോരാട്ടത്തിൽ എതിരാളികൾ (ഇവിടെ അധാർമ്മികർ) പരാജയപ്പെടുകയും,ശിക്ഷിക്കപ്പെടുക

യുമുണ്ടായി. നന്മകളാലും, വിവേകത്താലും സമ്പന്നമായിരുന്നു ഈ സൈന്യം. എന്നാൽ ശത്രുപക്ഷത്ത് ഉള്ളവർക്ക് (അവിശ്വാസികൾ) തങ്ങളുടെ കുറവുകളെ മറച്ചുവെക്കനായില്ല. അവർക്ക് തങ്ങളുടെ എതിർപക്ഷത്തുള്ളവരെ (വിശ്വാസികളെ) പോലെ ത്യാഗമനോഭാവമോ, ധൈര്യമോ ഉണ്ടായിരുന്നില്ല. അല്ലാഹുവിനെ അനുസരിക്കുന്നതിനും, ലോകമെമ്പാടും ഇസ്ലാമിന്റെ വെന്നിക്കൊടി പാറിക്കുന്നതിനുമുള്ള ആവേശം വിശ്വാസികളിൽ ഉടലെടുത്തത് അവരിലെ ധൈര്യവും സ്വന്തമായുള്ളതെല്ലാം തന്നെ അല്ലാഹുവിന്റെ പാതയിൽ ചെലവഴിയ്ക്കുവാനുമുള്ള ത്യാഗമനോഭാവവും കാരണമാണ്.

## അപ്പോൾ അവിടെ പൊടിപടലങ്ങൾ ഇളക്കിവിടുകയും

ഈ സൂക്തത്തിലൂടെ ശത്രുക്കൾക്കെതിരെയുള്ള യുദ്ധത്തിൽ-പോരാട്ടത്തിൽ-അല്ലാഹുവും, അവന്റെ മാലാഖമാരും (മലക്കുകളും) അവന്റെ പ്രവാചകരും വിശ്വാസികളും ഒറ്റക്കെട്ടായിട്ടാണ് എന്ന് അല്ലാഹു നമ്മെ ഓർമ്മിപ്പിക്കുന്നു. അല്ലാഹുവിന്റെ സഹായമെത്തുമ്പോൾ അറിവില്ലാത്തവർ പരാജയമടയും. കാരണം എതിർത്തു നില്ക്കാൻ അവർക്ക് കയ്യിലൊന്നും ഇല്ല (എതിർവാദങ്ങൾ പറയാനില്ല) അവരുടെ മുന്നിലേക്ക് വെച്ച വാദങ്ങളെ എതിർക്കുന്നതിനോ, അതിനെ തള്ളുന്നതിനോ പറ്റിയ ഒന്നും അവരുടെ കൈവശമില്ല. അവരാകെ കുഴങ്ങിപ്പോകുകയേയുള്ളൂ. അവർക്ക് അല്ലാഹുവിന്റെ വാക്കുകളെ തടയാനോ, അവനെയും അവന്റെ ദൂതനെയും തങ്ങളുടെ ജോലി അനായാസം തുടരുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനോ സാധിക്കുന്നതല്ല. അല്ലാഹുവിൽ നിന്നുള്ള സത്യത്തെ നിരാകരിക്കുന്ന ഓരോ വ്യക്തിയും പരാജയപ്പെടുക തന്നെ ചെയ്യും.

## അങ്ങനെ ജനക്കൂട്ടത്തിന്റെ മധ്യത്തിൽ തള്ളിക്കയറുകയും ചെയ്യുന്നവയെ കൊണ്ടു സത്യം

അക്രമികളായ ശത്രുസമൂഹം, ഭക്തന്മാരും, സന്മാർഗ്ഗികളുമായ തങ്ങളുടെ എതിരാളികളെ വളരെ എളുപ്പത്തിൽ കീഴടക്കാമെന്ന് വിചാരിക്കുകയും, അവരെ തോല്പിക്കുന്നതിനായി ഒരുങ്ങുകയും ചെയ്യുന്നു. പക്ഷേ, ഈ ഒരുക്കം, അല്ലാഹുവിന്റെ സൈന്യത്തിന് അവരെ ഒറ്റയടിക്ക് പരാജയപ്പെടുത്തുന്നതിനുള്ള വഴിയൊരുക്കുകയാണ് ചെയ്തത്. ഉദാഹരണമായി പറയുകയാണെങ്കിൽ ഇസ്ലാ

മിനെപറ്റിയൊരു ചർച്ച അല്ലെങ്കിൽ സംവാദം നടക്കുമ്പോൾ അതു മായി ബന്ധമില്ലാത്ത-ധാരണയില്ലാത്ത-ആളുകളുടെ വായടച്ചുപോകുന്നതുപോലെ. അത്തരം സന്ദർഭങ്ങളിലെല്ലാം തന്നെ അല്ലാഹുവിന്റെ വാക്കുകൾ അവരുടെ വാക്കുകളെ വിഴുങ്ങുന്ന അവസ്ഥ വരുന്നു. കാരണം വിശ്വാസികൾ തങ്ങളുടെ ആഴമേറിയ അറിവുകൾ ഉപയോഗിച്ചാണ് അവരോട് വാദിക്കുക. ആ സന്ദർഭത്തിൽ അല്ലാഹു വിശ്വാസികളെ സഹായിക്കുകയും ചെയ്യുന്നു. അവർ ഓരോരുത്തരും സ്വപ്രയത്നത്താൽ ഇസ്ലാമിനെ സംബന്ധിച്ച കൂടുതൽ അറിവുകൾ നേടിയെടുക്കുന്നവരത്രെ. അതുകൊണ്ട് അല്ലാഹു അവരെ വളരെയധികം സ്നേഹക്കുകയും അറിവിന്റെ നിലവാരം വർദ്ധിപ്പിച്ച് അവർക്ക് സമൂഹത്തിൽ ഉയർന്ന പദവിയ്ക്ക് അർഹരാക്കുകയും ചെയ്യും.

**"തീർച്ചയായും മനുഷ്യൻ തന്റെ നാഥനോട് വളരെ നന്ദികെട്ടവനാണ്"**

അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും, അവന്റെ കല്പനകളെ അക്ഷരം പ്രതി അനുസരിക്കുകയും ചെയ്യുന്ന വിശ്വാസികളെ ഒഴിച്ചുനിർത്തിയാൽ, ധാർമ്മിക ഗുണങ്ങളിൽ ദിനംപ്രതി പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യഗണം അങ്ങേയറ്റം നന്ദികേടാണ് തങ്ങളുടെ ദൈവത്തോട് കാട്ടിക്കൊണ്ടിരിക്കുന്നത്. അതേ, ദൈവം അവരെ സൃഷ്ടിയ്ക്കുകയും, ഈ ഭൂലോകത്ത് അവർക്ക് വേണ്ടതെല്ലാം ഒരുക്കി നല്കി അവരോടുള്ള തന്റെ അഗാധമായ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. എന്നിട്ടും അവർ അവനോട് നന്ദിയില്ലാത്തവരത്രേ. അവരുടെ ഈ നന്ദിയില്ലായ്മ മിക്കപ്പോഴും അവർ തങ്ങളുടെ ചിന്തകളിലൂടെയും, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടമാക്കുന്നു. ഉദാഹരണത്തിന്, അല്ലാഹു നല്കിയ ഔദാര്യങ്ങൾ ലഭിച്ചിട്ടില്ല എന്നു പറയുന്നതിലൂടെ, അല്ലാഹു എന്ന ദൈവം ഇല്ല എന്നു പറയുന്നതിലൂടെ, തനിക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ഒരുപയോഗവുമില്ലായെന്ന് പറയുന്നതിലൂടെ, അവരോട് (അവന്റെ സൃഷ്ടികളോട്) അനീതിയായി വർത്തിക്കുന്നതിലൂടെ, ഒക്കെ ഒരു വ്യക്തി അല്ലാഹുവിനോട് നന്ദികേട് കാട്ടുകയാണ്. അത്തരം ആളുകളെ നന്ദികെട്ടവർ എന്നു വിളിയ്ക്കപ്പെടുന്നു. അവർ വിശ്വാസികളിൽ നിന്നും തികച്ചും വ്യത്യസ്തരാണ്. തങ്ങളുടെ യജമാനന്മാരുടെ ജയത്തിനായ് സ്വന്തം ജീവൻ പണയപ്പെടുത്തി

പോരാടുന്ന പടക്കുതിരകൾക്കു ലഭിയ്ക്കുന്നതിനേക്കാൾ പദവിയിൽ വളരെ താഴ്ന്ന നിലയിലായിരിക്കും. ഇത്തരക്കാർ ഉൾപ്പെടുക.

## നിശ്ചയം, അവൻ തന്നെയാണതിന് സാക്ഷ്യം

മനുഷ്യൻ, സ്വന്തം മോശപ്രവൃത്തിയിലൂടെ തന്നെ, അല്ലാഹുവിനോട് വിശ്വാസവഞ്ചനകാട്ടുന്നവനാണ് താനെന്ന ആരോപണത്തെ, തെളിയിക്കുന്നു.

## ധനത്തോടുള്ള സ്നേഹത്തിൽ വളരെ തീവ്രതയുള്ളവനാണവൻ

അക്രമ പ്രവർത്തികളിലേർപ്പെടുന്ന ഒരുവൻ തന്റെ സ്രഷ്ടാവിന്റെ ഇച്ഛക്കെതിരായാണ് പ്രവർത്തിക്കുന്നത്. തന്റെ നാഥനോട് അടുക്കാൻ ശ്രമിക്കുന്നതിനു പകരം, അവൻ ഭൗതീകലോകത്തിലെ നിസ്സാരവും, താത്ക്കാലികവുമായ കാര്യങ്ങളുടെ പിന്നാലെ പായുന്നു. തന്റെ നാഥന്റെ മുന്നിൽ, തന്റെ പ്രവൃത്തികളുടെ കണക്കുബോധിപ്പിക്കേണ്ട, ഒരു ദിനം വരുമെന്ന കാര്യം അവൻ മറന്നുപോയിരിക്കുന്നു


## ശവകുഴികളിലുള്ളത് പുറത്തേക്ക് തള്ളപ്പെടുകയും.

ശവശരീരങ്ങൾ:-ഗൂഢാലോചനകൾ, പുറത്തുപറയാൻ കൊള്ളാത്ത-മോശമായ-ചിന്തകൾ, സംശയങ്ങൾ തുടങ്ങി അവരുടെ ഭാവനയിൽ അവർ അല്ലാഹുവിനേയും, അവന്റെ പ്രവാചകനെയും പറ്റി കരുതിക്കൂട്ടിയ സംഗതികൾ അവർ മനസ്സിൽ മൂടിവെച്ചിരുന്നു. അതെല്ലാം തന്നെ ഒരു ദിവസം അവൻ പുറത്തുകൊണ്ടുവരും. വിധിന്യായം പറയുന്നനാളിൽ! അല്ലാഹുവിന്റെ സന്നിധിയിൽ അവയെല്ലാം തന്നെ ഹാജരാക്കപ്പെടും! അന്നേരമവർ വിചാരിക്കും അല്ലാഹുവിന് ഇവയെ പുറത്തുകൊണ്ടുവരാൻ കഴിഞ്ഞല്ലായിരുന്നുവെങ്കിൽ എത്ര നന്നായേനെ! പക്ഷേ, അവന്റെ ഇച്ഛയെക്കെതിരായിട്ടാണ് അല്ലാഹു പ്രവർത്തിക്കുന്നത്. അവൻ ഇച്ഛിക്കുന്ന വേളയിൽ എല്ലാ മനുഷ്യരും മറച്ചുവച്ചിരിക്കുന്ന കാര്യങ്ങളെല്ലാം മറനീക്കി പുറത്തുവരും. മനുഷ്യന്റെ അക്രമങ്ങളെ-പൈശാചിക തന്ത്രങ്ങളെയും, ചിന്തകളെയും-മറ നീക്കി പുറത്തുകൊണ്ടുവരാനുള്ള കഴിവ് അല്ലാഹുവിന് മാത്രമുള്ളതാകുന്നു. അതുപോലെ തന്നെ വിശ്വാസികളുടെ ഹൃദയങ്ങളിലെ നല്ല ചിന്തകളെയും അവൻ പരസ്യപ്പെടുത്തും. എന്നിട്ട് ഓരോരുത്തർക്കും അവരവരുടെ ചിന്തകൾക്കനുസൃതമായ പ്രതിഫലം നല്കുകയും ചെയ്യും.

"ഹൃദയങ്ങളിലുള്ളത് വെളിയിൽ കൊണ്ടു വരപ്പെടുകയും ചെയ്യുമ്പോൾ (എന്തായിരിക്കും സ്ഥിതി എന്ന്) അവൻ അറിയുന്നില്ലേ?"

**"തീർച്ചയായും അവരുടെ നാഥൻ അവരെക്കുറിച്ച് അന്ന് മേൽനോട്ടം വഹിക്കുന്നവനാകുന്നു."**

മനുഷ്യൻ തന്റെ ഹൃദയത്തിൽ രഹസ്യമായി വെച്ചിരിക്കുന്ന എല്ലാ സംഗതികൾക്കും, ഒരുദിവസം കണക്കുബോധിപ്പിക്കേണ്ടി വരും. അല്ലാഹു എല്ലാം അറിയുന്നു. അവൻ എല്ലാ നിരീക്ഷിക്കുകയും ചെയ്യുന്നു. മനുഷ്യൻ മറക്കണമെന്ന് ആഗ്രഹിക്കുകയും, ഒളിച്ചുവയ്ക്കാൻ ഇഷ്ടപ്പെടുകയും ചെയ്തിരുന്ന എല്ലാ കാര്യങ്ങളും അല്ലാഹു അന്നേ ദിവസം അവന്റെ മുന്നിൽ അവതരിപ്പിക്കുകയും, അതിനെല്ലാം സാക്ഷിയായി നിന്ന് മനുഷ്യൻ അവന്റെ പ്രവൃത്തികൾക്ക് അല്ലാഹുവിനോട് സമാധാനം പറയേണ്ടി വരികയും ചെയ്യും. അവന്റെ ജീവിതം ഒരു തുറന്ന പുസ്തകമായി അവന്റെ മുന്നിൽ തെളിഞ്ഞു നില്ക്കും. അപ്പോൾ അല്ലാഹു പൊറുത്തുകൊടുക്കാനുള്ള അധികാരം തനിക്കു മാത്രമായി നീക്കി വെച്ചിരിക്കുന്നു. അന്നേദിവസം അവൻ ഇച്ഛിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുക തന്നെ ചെയ്യും. അല്ലാഹു എല്ലാ കാര്യങ്ങളും പൂർണ്ണമായി അറിയുന്നവനാണ്. അതിലൊരു സംശയവും വേണ്ട. അതുപോലെ തന്നെ നമുക്കെല്ലാവർക്കും ഒരു ദിവസം അവനിലേക്ക് മടങ്ങേണ്ടതുമാണ്.




***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***